**സീറോമലബാർ കുർബാന**

# മാർ തെയദോറിന്റെ കൂദാശക്രമം

*(എല്ലാ കാലങ്ങളിലും, വിശിഷ്യാ മംഗലവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർവരെയും, ഉപയോഗിക്കാവുന്നത്.)*

*(വിശ്വാസപ്രമാണം കഴിഞ്ഞ് കാർമ്മികൻ ശുശ്രൂഷിയെ ആശീർവ്വദിച്ചുകൊണ്ട്)*

**കാർമ്മി:** സകലത്തിന്റെയും നാഥനായ ദൈവം / തന്റെ സ്തുതികൾ ആലപിക്കുവാൻ നിന്നെ ശക്തനാക്കട്ടെ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.
പാത്രിയർക്കീസുമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർ, പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവരുടെയും / ബ്രഹ്മചാരികളുടെയും കന്യകകളുടെയും / നമ്മുടെ മാതാപിതാക്കന്മാർ, പുത്രീപുത്രന്മാർ, സഹോദരീസഹോദരന്മാർ എന്നിവരുടെയും, ഓർമ്മ ആചരിച്ചുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുവിൻ. മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ എല്ലാ ഭരണകർത്താക്കളെയും / സത്യവിശ്വാസത്തോടെ മരിച്ച് ഈ ലോകത്തിൽനിന്നും / വേർപെട്ടുപോയ എല്ലാവരേയും അനുസ്മരിക്കുവിൻ. മിശിഹായുടെ കൃപയാൽ ഈ ബലി നമുക്കു സഹായത്തിനും രക്ഷയ്ക്കും / സ്വർഗ്ഗരാജ്യത്തിൽ നിത്യജീവനും കാരണമാകട്ടെ.

*(കാർമ്മികൻ മൂന്നു പ്രാവശ്യം കുനിഞ്ഞ് ആചാരം ചെയ്ത് താഴെ വരുന്ന പ്രാർത്ഥന ചൊല്ലി ബലിപീഠത്തെ സമീപിക്കുന്നു).*

**കാർമ്മി:** നഷ്ടപ്പെട്ടുപോയവരെ കണ്ടെത്തുകയും ചിതറിപ്പോയവരെ ഒരുമിപ്പിക്കുകയും അകന്നുപോയവരെ അടുപ്പിക്കുകയും വഴിതെറ്റിയവരെ സത്യത്തിന്റെ അറിവിലേക്കു തിരിച്ചുകൊണ്ടുവരികയും ചെയ്യുന്ന കർത്താവേ, നിന്നെ ഞാൻ സ്തുതിക്കുന്നു.

ബലഹീനനായ എന്നെയും നിന്റെ കൃപയാൽ വിളിക്കുകയും കാരുണ്യത്താൽ നിന്റെ പക്കലേക്ക് ആനയിക്കുകയും നിന്റെ ശ്രേഷ്ഠശരീരമാകുന്ന പരിശുദ്ധ കത്തോലിക്കാ സഭയിലെ സവിശേഷ അംഗമായി എന്നെ നിയമിക്കുകയും ബലിയർപ്പിക്കുവാൻ നിയോഗിക്കുകയും ചെയ്ത കർത്താവേ, നിന്നെ ഞാൻ സ്തുതിക്കുന്നു.

ഞങ്ങളുടെ രക്ഷകനായ ഈശോമിശിഹായിൽ സംപ്രീതനായി സകല മനുഷ്യരുടെയും പാപങ്ങൾ മോചിച്ച് അനുരഞ്ജിപ്പിക്കുവാൻ തിരുമനസ്സായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരിക്കുന്ന സജീവവും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി അങ്ങയുടെ മുമ്പാകെ ഞാൻ സമർപ്പിക്കട്ടെ.

*(പരിശുദ്ധ ത്രീത്വത്തിന്റെ സാന്നിദ്ധ്യമുള്ള ബലിപീഠത്തിന്റെ മധ്യത്തിലും രണ്ടറ്റത്തും കാർമ്മികൻ ചുംബിക്കുന്നു).*

**കാർമ്മി:** കർത്താവേ, ആശീർവ്വദിക്കണമേ.

*(ജനങ്ങൾക്കു നേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്)*

എന്റെ സഹോദരരേ, ഈ കുർബ്ബാന / എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ / നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

*(ബലിപീഠത്തിനു നേരെ തിരിയുന്നു).*

**സമൂഹം:** സകലത്തിന്റെയും നാഥനായ ദൈവം / തന്റെ അഭിഷ്ടം നിറവേറ്റുവാൻ അങ്ങയെ ശക്തനാക്കട്ടെ. ഈ കുർബാന അവിടുന്നു സ്വീകരിക്കട്ടെ. അങ്ങേയ്ക്കും ഞങ്ങൾക്കും ലോകം മുഴുവനുംവേണ്ടി / അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ / അവിടുന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

**ഒന്നാം പ്രണാമജപം**

**കാർമ്മി:** *(കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി)* കർത്താവേ, സർവ്വശക്തനും നിത്യനുമായ ദൈവമേ, അങ്ങു സകലത്തിന്റെയും കാരുണ്യഭ്രതനും സ്രഷ്ടാവുമാകുന്നു. അഗ്രാഹ്യവും അവർണ്ണനീയവും മഹോന്നതവുമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന / മഹത്ത്വമുള്ള രാജാവും അങ്ങു തന്നെയാകുന്നു. അങ്ങയുടെ ഏകജാതനായ കർത്താവീശോമിശിഹാ / മനുഷ്യസ്വഭാവംവഴി പൂർത്തിയാക്കിയ / അത്ഭുതാവഹവും ഭയഭക്തിജനകവുമായ രക്ഷാപദ്ധതിവഴി / പുതുജീവൻ നല്കി ഞങ്ങളെ നവീകരിക്കുകയും / പരിശുദ്ധാത്മാവിനെ അച്ചാരമായി നല്കുകയും ചെയ്തു. ഞങ്ങൾ അയോഗ്യരാണെങ്കിലും / അങ്ങയുടെ

കൃപയാൽ / പരിശുദ്ധവും സ്തുത്യർഹവുമായ ഈ ദിവ്യരഹസ്യങ്ങളെ / അറിയുന്നതിനും സമീപിക്കുന്നതിനും / പൂർത്തീകരിക്കുന്നതിനും സ്വീകരിക്കുന്നതിനും / ഇവയോട് ഏകീഭവിക്കുന്നതിനും / ഞങ്ങളെ അങ്ങു യോഗ്യരാക്കി.

*(കാർമ്മികൻ ബലിപീഠം ചുംബിച്ചതിനു ശേഷം കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തുവച്ചു ചൊല്ലുന്നു).*

**കാർമ്മി:** അങ്ങയുടെ ഏകജാതന്റെ കൃപയാലും കരുണയാലും / ആദിമുതൽ അങ്ങയെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടും കൂടെ / അങ്ങേക്കും ദിവ്യസുതനും പരിശുദ്ധാത്മാവിനും / സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. *(തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(കാർമ്മികൻ ജനങ്ങൾക്കു നേരെ തിരിഞ്ഞ് ആശീർവ്വദിക്കുന്നു).*

**കാർമ്മി:** സമാധാനം + നിങ്ങളോടുകൂടെ.

**സമൂഹം:** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

*(ശുശ്രൂഷി കാർമ്മികനിൽനിന്നു സമാധാനം സ്വീകരിച്ചശേഷം).*

**ശുശ്രൂഷി:** സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ / നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുവിൻ.

*(എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു).*

**ശുശ്രൂഷി:** *(ജനങ്ങൾക്കു നേരെ തിരിഞ്ഞ്)*
നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ / കർത്താവിനു നന്ദിപറയുകയും / അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം. നിങ്ങൾ ആദരപൂർവ്വംനിന്ന് / ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ സൂക്ഷിച്ചു വീക്ഷിക്കുവിൻ. ഭയഭക്തിജനകമായ രഹസ്യങ്ങൾ / കൂദാശ ചെയ്യപ്പെടുന്നു. പുരോഹിതൻ *(പുരോഹിത ശ്രേഷ്ഠൻ)* തന്റെ മദ്ധ്യസ്ഥം വഴി / സമാധാനം സമൃദ്ധമാകുന്നതിനു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. കണ്ണുകൾ താഴ്ത്തി / വിചാരങ്ങൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തി / നിശബ്ദരായി ഏകാഗ്രതയോടും ഭക്തിയോടുംകൂടെ / നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കുവിൻ / സമാധാനം നമ്മോടുകൂടെ.

***തിരുവസ്തുക്കളുടെ അനാവരണം** (ഉത്ഥിതനായ മിശിഹായെ അനുസ്മരിപ്പിക്കുന്നു).*

**കാർമ്മി:** *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ, ശക്തനായ ദൈവമേ, ബലഹീനനായ എന്നെ ദയാപൂർവ്വം സഹായിക്കണമേ. അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി / സജീവവും വിശുദ്ധവുമായ ഈ ബലി തിരുസ്സന്നിധിയിൽ അർപ്പിക്കുവാൻ / അങ്ങയുടെ അനുഗ്രഹത്താൽ എന്നെ യോഗ്യനാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ എന്നേക്കും. ***(ശോശാപ്പാ ബലിവസ്തുക്കൾക്കുചുറ്റും വച്ചുകൊണ്ട്)*** കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും കൃപാപൂർവ്വം നീ എന്നെ യോഗ്യനാക്കി. അപ്രകാരം തന്നെ, വിധിദിവസത്തിൽ നിന്റെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

***(കാർമ്മികൻ ധൂപം ആശീർവ്വദിച്ചുകൊണ്ട്)***

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം / അങ്ങയുടെ മഹനീയ ത്രീത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും / അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

**ശുശ്രൂഷി:** ആമ്മേൻ.

***(കാർമ്മികൻ ബലിപീഠം ധൂപിക്കുന്നു).***

**ഗാനം**

**കാർമ്മി:** മിശിഹാകർത്താവിൻ കൃപയും / ദൈവപിതാവിൻ സ്നേഹമതും
റൂഹാതൻ സഹവാസവുമീ / + നമ്മോടൊത്തുണ്ടാകട്ടെ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഉയരങ്ങളിലേക്കുയരട്ടെ / ഹൃദയവികാരവിചാരങ്ങൾ
ഉയരങ്ങളിലേക്കുയരട്ടെ / ഹൃദയവികാരവിചാരങ്ങൾ.

**സമൂഹം:** പൂർവ്വപിതാവാമബ്രാഹം /ഇസഹാക്ക് യാക്കോബെന്നിവർതൻ
ദൈവമേ നിത്യം ആരാധ്യൻ / രാജാവേ നിൻ സന്നിധിയിൽ.

**കാർമ്മി:** അഖിലചരാചര കർത്താവാം / ദൈവത്തിനു ബലിയർപ്പിപ്പൂ.

**സമൂഹം:** ന്യായവുമാണതു യുക്തവുമാം / ന്യായവുമാണതു യുക്തവുമാം.

**ശുശ്രൂഷി:** സമാധാനം നമ്മോടുകൂടെ.

**കാർമ്മി**: *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിലും ദുഷ്ടതയിലും / അസൂയയിലും വഞ്ചനയിലും വിദ്വേഷത്തിലുംനിന്നു വിമുക്തമാക്കണമേ. അങ്ങയുടെ കരുണയാൽ, തമ്മിൽത്തമ്മിലും മറ്റെല്ലാവരോടും / സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ. വിശുദ്ധവും സജീവവുമായ ഈ തിരുക്കർമ്മം പ്രത്യാശപൂർവ്വം അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക് ആത്മധൈര്യം നല്കുകയും ചെയ്യണമേ.

**കാർമ്മി:** *(രണ്ടാം പ്രണാമജപം: കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പി)* കർത്താവായ ദൈവമേ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയുടെ പരിശുദ്ധ നാമത്തെ / എന്നും എല്ലായ്പ്പോഴും എവിടെയും ഏറ്റുപറയുകയും / ആരാധിക്കുകയും ചെയ്യുക ഉചിതമാകുന്നു. എന്തുകൊണ്ടെന്നാൽ, ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവും കർത്താവും അങ്ങാകുന്നു. അങ്ങയുടെ മഹത്ത്വത്തിന്റെ പ്രകാശവും സത്തയുടെ പ്രതിച്ഛായയുമായ / ഏകജാതനും ദൈവവുമായ വചനംവഴി / ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും / അങ്ങു സൃഷ്ടിച്ചു ക്രമപ്പെടുത്തി. പിതാവായ അങ്ങയിൽനിന്നുള്ളവനും / സത്യാത്മാവുമായ പരിശുദ്ധാത്മാവ് / സകല സൃഷ്ടികളെയും ശക്തരാക്കുകയും പവിത്രീകരിക്കുകയും / അങ്ങയുടെ ആരാധ്യമായ ദൈവത്വത്തിന് / സ്തുതികളർപ്പിക്കാൻ അർഹരാക്കുകയും ചെയ്തിരിക്കുന്നു. ത്രിത്വൈക ദൈവമേ, അങ്ങയുടെ തിരുസന്നിധിയിൽ ആയിരങ്ങളും പതിനായിരങ്ങളുമായ വാനവഗണങ്ങൾ / ആനന്ദപൂർവം തിരുനാമത്തെ നിരന്തരം പാടിസ്തുതിക്കുന്നു. കർത്താവേ, തുല്യരും അവിഭാജ്യരുമായ മൂന്നാളുകളായി ഏറ്റുപറയുന്ന / ആരാധ്യമായ അങ്ങയുടെ പരമപരിശുദ്ധിയുടെ മുമ്പാകെ / എല്ലാ സ്വർഗ്ഗീയഗണങ്ങളും സദാ സ്തുതികളർപ്പിക്കുന്നു. അവരോടുചേർന്ന് ബലഹീനരായ മർത്യഗണം / പരമോന്നതനായ അങ്ങയെ പാടിസ്തുതിക്കുന്നു.

**കാർമ്മി:** *(ഗാനം)* ഒന്നായ് ഉച്ചസ്വരത്തിലവർ,
തിരുസന്നിധിയിൽ അനവരതം / സ്തുതിഗീതങ്ങൾ പാടുന്നു.

**സമൂഹം:** ദൈവം നിത്യമഹത്ത്വത്തിൻ
കർത്താവെന്നും പരിശുദ്ധൻ, ബലവാനീശൻ പരിശുദ്ധൻ

മണ്ണും വിണ്ണും നിറയുന്നു, മന്നവനവനുടെ മഹിമകളാൽ
ഉന്നതവീഥിയിലോശാന, ദാവീദിൻ സുതനോശാന

കർത്താവിൻ തിരുനാമത്തിൽ, വന്നവനും യുഗരാജാവായ്
വീണ്ടും വരുവോനും ധന്യൻ, ഉന്നതവീഥിയിലോശാന.

**കാർമ്മി:** ***(മൂന്നാം പ്രണാമജപം)*** കർത്താവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും, ഞങ്ങൾക്കു നല്കിയ സകല കൃപാവരങ്ങൾക്കുമായി / അങ്ങയെ ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു. മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി / ഏകജാതനും വചനവുമായ ദൈവം / അങ്ങയോടുള്ള സമാനത പരിഗണിക്കാതെ / തന്നെത്തന്നെ ശൂന്യനാക്കി / ദാസന്റെ രൂപം സ്വീകരിച്ചു. അവിടുന്നു സ്വർഗത്തിൽ നിന്നിറങ്ങി / പരിശുദ്ധാത്മാവിന്റെ ശക്തിയാൽ / പരിശുദ്ധ കന്യകയിൽനിന്നു മനുഷ്യത്വം ധരിച്ച് / മർത്യമായ ശരീരവും അമർത്യമായ ആത്മാവും സ്വീകരിച്ചു. ലോകസൃഷ്ടിക്കു മുമ്പുതന്നെ / അങ്ങയുടെ അനന്തജ്ഞാനത്താൽ ഒരുക്കപ്പെട്ടിരുന്ന / മഹനീയവും വിസ്മയാവഹവുമായ രക്ഷാപദ്ധതി മുഴുവനും / കാലത്തിന്റെ തികവിൽ / അവൻ തന്റെ കരങ്ങൾവഴി / നിറവേറ്റുകയും പൂർത്തീകരിക്കുകയും ചെയ്തു. ദൈവത്വത്തിന്റെ പൂർണത മുഴുവനും അവനിൽ വസിക്കുന്നു. അവിടുന്നു സഭയുടെ ശിരസ്സും / മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാകുന്നു. സകലത്തിന്റെയും പൂർത്തീകരണവും / സകലവും പൂർത്തിയാക്കുന്നവനും അവിടുന്നാകുന്നു. നിത്യനായ പരിശുദ്ധ റൂഹാവഴി / അവിടുന്നു തന്നെത്തന്നെ നിർമ്മലമായി ദൈവത്തിനു ബലിയർപ്പിക്കുകയും / തന്റെ ശരീരത്തിന്റെ ഒരിക്കൽ മാത്രമുള്ള സമർപ്പണത്താൽ / ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തു. കുരിശിലെ തന്റെ രക്തത്താൽ / സ്വർഗത്തെയും ഭൂമിയെയും രമ്യതപ്പെടുത്തി. അവിടുന്നു ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഏല്പിച്ചു കൊടുക്കപ്പെടുകയും / ഞങ്ങളെ നീതീകരിക്കുവാൻ / ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.

***മണി***

**കാർമ്മി: താൻ ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ / തന്റെ വിശുദ്ധ ശ്ലീഹന്മാരോടുകൂടെ / മഹനീയവും പരിശുദ്ധവും ദൈവികവുമായ / ഈ രഹസ്യം ഈശോ പരികർമ്മം ചെയ്തു. തന്റെ പരിശുദ്ധമായ കരങ്ങളിൽ അപ്പമെടുത്ത്** *(പീലാസ കൈയിലെടുക്കുന്നു.)* **വാഴ്ത്തി + വിഭജിച്ചു / ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അവിടുന്ന് അരുൾചെയ്തു. ഇതു ലോകത്തിന്റെ ജീവനുവേണ്ടി / പാപമോചനത്തിനായി വിഭജിക്കപ്പെടുന്ന / എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും / ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.**

**സമൂഹം: ആമ്മേൻ.** ***മണി***

**കാർമ്മി: അപ്രകാരം തന്നെ കാസയുമെടുത്ത്** *(കാസ കൈയിലെടുക്കുന്നു.)* **/ കൃതജ്ഞതാസ്തോത്രം ചെയ്തു / വാഴ്ത്തി + അവർക്കു നല്കിക്കൊണ്ട് അരുൾചെയ്തു: ഇതു പാപമോചനത്തിനായി / അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന / പുതിയ ഉടമ്പ ടിയിലെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും / ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ.**

**സമൂഹം: ആമ്മേൻ.**

***മണി***

**കാർമ്മി: ഞാൻ ഈ ചെയ്തത് / നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചു കൂടുമ്പോൾ / എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.**

*(എല്ലാവരും നന്നായി കുനിഞ്ഞ് ആചാരം ചെയ്യുന്നു).*

**കാർമ്മി:** കർത്താവേ, നീ ഞങ്ങളോടു കല്പിച്ചതുപോലെ / ഈ ദാസർ ഒരുമിച്ചു കൂടിയിരിക്കുന്നു. മനുഷ്യവംശത്തിനു മുഴുവൻ രക്ഷ നല്കിയ / സമുന്നതവും ഭയഭക്തിജനകവും / പരിശുദ്ധവും ദൈവികവുമായ ഈ രഹസ്യം / വിനീതരും ബലഹീനരും നിസ്സാരരുമായ ഞങ്ങൾ / നിന്റെ കൃപയാൽ അനുഷ്ഠിക്കുന്നു.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ അർപ്പിക്കുന്നു. ഇപ്പോഴും + എപ്പോഴും എന്നേക്കും. *(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മാ ചെയ്യുന്നു).*

**സമൂഹം:** ആമ്മേൻ.

**ശുശ്രൂഷി:** ഹൃദയം കൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ / സമാധാനം നമ്മോടുകൂടെ.

*(കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി നാലാം പ്രണാമജപം ചൊല്ലുന്നു.)*

**കാർമ്മി:** കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും / അങ്ങേയ്ക്കു നന്ദി പറയുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, പാപംമൂലം അയോഗ്യരായിരുന്നിട്ടും / അങ്ങയുടെ കാരുണ്യാതിരേകത്താൽ / ഞങ്ങളെ അങ്ങയിലേക്കടുപ്പിക്കുകയും / പരിശുദ്ധാത്മാവിന്റെ കൃപയാൽ / നവീകരിച്ചു വിശുദ്ധീകരിക്കുകയും ചെയ്തു. ഞങ്ങളുടെ രക്ഷയ്ക്കായുള്ള ഭയഭക്തിജനകവും ദൈവികവുമായ ഈ ശുശ്രൂഷ / അങ്ങയുടെ മുമ്പാകെ പരികർമ്മം ചെയ്യുന്നതിന് / അങ്ങു ഞങ്ങളെ യോഗ്യരാക്കി. അങ്ങയുടെ പ്രിയപുത്രനായ ഞങ്ങളുടെ കർത്താവീശോമിശിഹാവഴി / ഞങ്ങൾക്കെല്ലാവർക്കും കൈവന്ന / മഹനീയമായ രക്ഷയെ / കൃതജ്ഞതാപൂർവം ഞങ്ങൾ ഏറ്റുപറയുന്നു.

**കാർമ്മി:** ലോകത്തിന്റെ പാപം നീക്കുന്ന / ദൈവത്തിന്റെ കുഞ്ഞാടിന്റെ രഹസ്യമാകുന്ന / സജീവവും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി / നുറുങ്ങിയ ഹൃദയത്തോടും എളിയ ആത്മാവോടുംകൂടി / അങ്ങയുടെ മഹനീയമായ ത്രിത്വത്തിന്റെ മുമ്പാകെ ഞങ്ങൾ അർപ്പിക്കുന്നു. പാപമോചനത്തിനായി അർപ്പിക്കപ്പെടുന്ന / നിർമ്മലവും പരിശുദ്ധവുമായ ഈ ബലിയിൽ അങ്ങു സംപ്രീതനാകണമേ.

**സമൂഹം:** ആമ്മേൻ, കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** കർത്താവേ, ഞങ്ങളുടെ ദൈവമേ, പരിശുദ്ധ കത്തോലിക്കാസഭയിൽ / അങ്ങയുടെ ശാന്തിയും സമാധാനവും / എന്നെന്നും വസിക്കാനിടയാക്കണമേ. കലഹങ്ങളും ഭിന്നതകളും / പീഡനങ്ങളും വിഭാഗീയതകളും സഭയിൽ നിന്നകറ്റണമേ. നിർമ്മല ഹൃദയത്തോടും ഏകമനസ്സോടും പൂർണസ്നേഹത്തോടുംകൂടി / ഞങ്ങളെല്ലാവരും ഐക്യത്തിൽ ജീവിക്കുവാൻ ഇടയാക്കണമേ.

**സമൂഹം:** ആമ്മേൻ, കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** തന്റെ ശുശ്രൂഷ നിർവഹിക്കുന്ന / സാർവ്വത്രികസഭയുടെ തലവനായ മാർ *(... പേര്)* പാപ്പായും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *(... പേര്)* മെത്രാപ്പോലിത്തായും / ഞങ്ങളുടെ പിതാവും

മേലദ്ധ്യക്ഷനമായ മാർ *(... പേര്)* മെത്രാനം / എല്ലാ മെത്രാന്മാരും പുരോഹിതന്മാരും / മ്ശംശാനാമാരും സമർപ്പിതരും അല്മായ പ്രേഷിതരും / തിരുമുമ്പിൽ നിർമ്മലതയോടും ഭക്തിയോടും വിശുദ്ധിയോടുംകൂടി ശുശ്രൂഷ ചെയ്യുന്നതിനും / അങ്ങയെ പ്രസാദിപ്പിക്കുന്നതിനും, / നമ്മുടെ കർത്താവീശോമിശിഹാ പ്രത്യക്ഷനാകുമ്പോൾ / മഹോന്നത ഭാഗ്യത്തിനു യോഗ്യരാകുന്നതിനും ഇടയാക്കണമേ.

**സമൂഹം:** ആമ്മേൻ, കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** കർത്താവായ ദൈവമേ, ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള / പരിശുദ്ധ കത്തോലിക്കാസഭയുടെ മക്കളെല്ലാവരും / ജീവന്റെ രക്ഷയ്ക്കുവേണ്ടി / സത്യവിശ്വാസത്തോടും സത്പ്രവർത്തികളോടുംകൂടി / തിരുമുമ്പാകെയുള്ള ആരാധനയിൽ വളരാൻ ഇടയാക്കണമേ. പാപിയും അയോഗ്യനുമായ ഈ ദാസനെയും / ഈ ബലിയിൽ പ്രത്യേകമായി അനുസ്മരിക്കപ്പെടുന്ന എല്ലാവരെയും / തിരുസന്നിധിയിൽ അങ്ങയുടെ കൃപയും ദയയും കണ്ടെത്തുവാൻ യോഗ്യരാക്കണമേ. അങ്ങയുടെ കൃപയാൽ ഭൂമിയുടെ ഫലങ്ങളെയും കാലാവസ്ഥയെയും / വത്സരത്തിന്റെ വിളവുകളെയും അനുഗ്രഹിക്കണമേ. ഈ ലോകത്തിൽനിന്ന് സത്യവിശ്വാസത്തോടെ മരിച്ചുപോയവർ / നിത്യസൗഭാഗ്യത്തിൽ പ്രവേശിക്കുന്നതിനും ഇടയാക്കണമേ.

**സമൂഹം:** ആമ്മേൻ, കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** കർത്താവേ, അങ്ങുമാത്രമാണു സത്യത്തിന്റെ പിതാവായ ദൈവമെന്ന് / എല്ലാ മനുഷ്യരും അറിയണമെന്നും / യഥാർത്ഥ ജ്ഞാനത്തിലേക്കു തിരിഞ്ഞ് / എല്ലാവരും രക്ഷിക്കപ്പെടണമെന്നും / അങ്ങ് ആഗ്രഹിക്കുന്നുവല്ലോ. അങ്ങ് അനാദിമുതൽ കർത്താവാണെന്നും / സൃഷ്ടിക്കപ്പെടാത്തവനും സകലത്തിന്റെയും സ്രഷ്ടാവുമായ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമാണെന്നും അവർ അറിയട്ടെ. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി / ദൈവപുത്രനും ദൈവവചനവുമായ കർത്താവീശോമിശിഹാ / പൂർണ മനുഷ്യത്വം ധരിച്ച് / ദൈവത്തിന്റെ ശക്തിയാലും പരിശുദ്ധാത്മാവിനാലും / സകലതും പൂർത്തീകരിക്കുകയും നീതീകരിക്കുകയും ചെയ്തുവെന്നും / അവിടുന്നു ദൈവത്തിന്റെയും മനുഷ്യരുടെയും മധ്യസ്ഥനും / നിത്യജീവന്റെ ദാതാവുമാണെന്നും എല്ലാവരും ഗ്രഹിക്കട്ടെ. കർത്താവേ, ആരാധ്യനായ ദൈവമേ, ഞങ്ങളുടെ അധരങ്ങളുടെ ഫലമായ ഈ സ്തോത്രബലി / കാരുണ്യപൂർവ്വം സ്വീകരിച്ചു ഞങ്ങളിൽ പ്രസാദിക്കണമേ.

**<u>ശുശ്രൂഷി:</u>** നിങ്ങൾ നിശ്ശബ്ദരായി ആദരപൂർവ്വം പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.

***(മണിയടിക്കുന്നു).***

*കാർമ്മികൻ കൈകൾ വിശുദ്ധ രഹസ്യങ്ങളുടെമേൽ കമഴ്ത്തിപ്പിടിച്ച്.*

**കാർമ്മി:** പരിശുദ്ധാത്മാവിന്റെ കൃപ ഞങ്ങളുടെയും / ഈ കുർബാനയുടെയുംമേൽ ഇറങ്ങി വസിക്കട്ടെ. ഈ അപ്പത്തിലും ഈ കാസയിലും അവിടുന്ന് അധിവസിച്ച് / ഇവയെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ / ആശീർവദിക്കുകയും പവിത്രീകരിക്കുകയും മുദ്രിതമാക്കുകയും ചെയ്യട്ടെ. കർത്താവേ, അങ്ങയുടെ നാമത്തിന്റെ ശക്തിയാൽ / ഈ അപ്പവും ഈ കാസയും / മിശിഹായുടെ ശരീരവും രക്തവുമായി ഭവിക്കട്ടെ. സത്യവിശ്വാസത്തോടെ ഈ അപ്പത്തിൽ നിന്ന് ഭക്ഷിക്കുകയും / കാസയിൽനിന്ന് പാനം ചെയ്യുകയും ചെയ്യുന്നവർക്ക് / ഇവ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും / ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും / ആത്മശരീരങ്ങളുടെ രക്ഷയ്ക്കും നിത്യമഹത്വത്തിനും കാരണമാകട്ടെ. ദിവ്യകല്പനകൾക്കനുസൃതം വ്യാപരിച്ച് / അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരോടുമൊപ്പം / സ്വർഗരാജ്യത്തിൽ നിത്യ സൗഭാഗ്യം അനുഭവിക്കുവാൻ / കർത്താവീശോമിശിഹായുടെ കൃപയാൽ ഞങ്ങളേവരും യോഗ്യരാകട്ടെ.

*(കാർമ്മികൻ ബലിപീഠം ചുംബിക്കുന്നു).*

**കാർമ്മി:** സ്വർഗത്തിലും ഭൂമിയിലും ഞങ്ങളെല്ലാവരുമൊന്നിച്ച് / പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും / യോഗ്യമാംവിധം സ്തുതിക്കുകയും ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുമാറാകട്ടെ. *(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മാചെയ്തുകൊണ്ട്)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(ശേഷം കുർബാനയുടെ പൊതുക്രമത്തിൽ അനുതാപ ശുശ്രൂഷ മുതൽ തുടരുന്നു).***